കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്
# 2017-2018
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.7)483/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020.

തീയതി.29.04.2019
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടകുറ്റി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കാട്ടകുറ്റി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-5, ഭാഗം 3 ലെ 3-8, 3-15 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്

രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(പി.7) 483/2019 തീയതി: 29/04/2019

# തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18-09-2017 മുതൽ 07-01-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-01-2019 മുതൽ 31-01-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷീന.കെ.ടി., ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിജയശ്രീ.പി,ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത.ടി.എസ്, |

| | |
|---|---|
| | (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ, ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.തോമസ് ഐ.കണ്ണത്ത് | 01/04/2017 to 31/03/2018 |
| സെക്രട്ടറി | സുരേഷ് കെ എസ് | 01-04-2017 to 27-04-2017 |
| | ശശിധരൻ പി എസ് | 28-04-2017 to 31-05-2017 |
| | സുരേഷ് കെ എസ് | 01-06-2017 to 06-06-2017 |
| | പ്രശാന്ത് കെ കെ | 07-06-2017 to 31-03-2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | മേരി വിജയ | 01-04-2017 to 12-06-2017 |
| | സിബി വി ജി | 13-06-2017 to 18-06-2017 |
| | ഇന്ദു പി നായർ | 19-06-2017 to 28-07-2017 |
| | സിബി വി ജി | 01-08-2017 to 18-09-2017 |
| | ഡോ. അനിൽകുമാർ | 19-09-2017 to 05-10-2017 |
| | സാബു സി എസ് | 06-10-2017 to 31-03-2018 |
| അസിസ്റ്റൻറ് എഞ്ചിനീയർ | സുന യു എം | 01-04-2017 to 15-05-2017 FN |
| | സുജിന കെ വി | 15-05-2017 to 11-06-2017 |
| | സുന യു എം | 12-06-2017 to 31-03-2018 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ. സീന സി പി | 01-04-2017 to 31-03-2018 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ ബിന്ദു | 01-04-2017 to 31-03-2018 |
| വെറ്ററിനറി സർജൻ | ജോഷി ടി ഐ | 01-04-2017 to 31-03-2018 |
| വി.ഇ.ഒ. | 1. ആനി സെബാസ്റ്റ്യൻ | 01-04-2017 to 14-08-2017 |
| | ഒഴിവ് | 15-08-2017 to 28-06-2017 |
| | 2.ഗിരിജാദേവി വി ബി | 2-9-06-2017 to 31-03-2018 |
| അസിസ്റ്റൻറ് സെക്രട്ടറി | സുരേഷ് കെ എസ് | 01-04-2017 to 31-03-2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സൂസൻ പോൾ, വിതയത്തിൽ വീട്, ആയിരൂർ | 01-04-2017 to 02/05/2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സുഷമ സി എസ് | 03-05-2017 to 31-03-2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സെബിൻ പി ഒ (DEO) | 01-04-2017 to 20-08-2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അലീന കെ എസ് | 21-08-2017 to 15-02-2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സെബിൻ പി ഒ (DEO) | 16-02-2018 to 01-03-2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റിച്ചാർഡ് ജോർജ് | 02-03-2018 to 12-03-02018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സെബിൻ പി ഒ (DEO) | 13-03-2018 to 31-03-02018 |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| പാസ്സാക്കിയ തിയതി | 21-03-2017 |
| കമ്മിറ്റി തീരുമാനം | 1 |
| മുന്നിരിപ്പ് | 9012248 |
| വരവ് | 158619500 |
| ചെലവ് | 159239000 |
| നീക്കിയിരിപ്പ് | 8392748 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | സ്വീകരിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.06.2018 | - | 05.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 & 28.06.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(22) /05.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,51,78,319 |
| വരവ് | 5,30,97,589 |
| ആകെ | 6,82,75,908 |
| ചെലവ് | 5,14,32,137 |
| നീക്കിയിരിപ്പ് | 1,68,43,771 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 11101000 | 11101000 | 8832552 | 2268448 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 5835434 | 5835434 | 4665366 | 1170068 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 7728654 | 7728654 | 7675106 | 53548 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 2591000 | 2591000 | 2313962 | 277038 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 5213689 | 5213689 | 5195490 | 18199 |
| കെ.എൽ.എസ്.ജി.ഡി.പി (സെൻട്രൽ) | | | 734633 | 734633 | 693375 | 41258 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) (സ്റ്റേറ്റ്) | | | 691905 | 691905 | 691905 | 0 |
| സാക്ഷരത | | 2690 | 100 | 2790 | 0 | 2790 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 9652493 | 9652493 | 9652493 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 36277 | 1002210 | 1038487 | 1015146 | 23341 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | | 0 | 90208 | 90208 | 90208 | 0 |
| ICDS | | 356387 | 688483 | 1044870 | 514825 | 530045 |
| M P FUND | | 0 | 0 | 0 | 0 | 0 |
| PYCKA | | 0 | 0 | 0 | 0 | 0 |
| NMBS | | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| SC Development | | | | | | |
| Ayurvedam | | | | | | |
| MLA Fund | | 0 | 394983 | 394983 | 0 | 394983 |
| Keralolsavam | | 20000 | 0 | 20000 | 5613 | 14387 |
| Vimukthi | | 0 | 12500 | 12500 | 5000 | 7500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1225000 | 1225000 | 639377 | 585623 |
| | ജില്ലാ പഞ്ചായത്ത് | 0 | 1075000 | 1075000 | 1075000 | 0 |
| ബി ഫണ്ട് | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| തൊഴിൽ രഹിത വേതനം | | 0 | 15000 | 15000 | 15000 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 23832200 | 23832200 | 23832200 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 5699800 | 5699800 | 5699800 | 0 |
| അവിവാഹിത പെൻഷൻ | | 0 | 614800 | 614800 | 614800 | 0 |
| വിധവ പെൻഷൻ | | 0 | 9807600 | 9807600 | 9807600 | 0 |
| വികലാംഗ പെൻഷൻ | | 0 | 3070300 | 3070300 | 3070300 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 150000 | 150000 | 150000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 121670 | 121670 | 121670 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 8678786 | 9261685 | 17940471 | 7995056 | 9946415 |
| MGNREGS | | 36277 | 1007910 | 1044187 | 101964 | 24541 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | SBI | 3727747 | 4869845 | 8597592 | 6588875 | 2008717 |
| | കോ-ഓപ്പറേറ്റിവ് ബാങ്ക് | 2294149 | 12948133 | 15242282 | 10944001 | 4298281 |
| മറ്റിനം /Sasharatha | | 0 | 0 | 0 | 0 | 0 |
| ഭവനനിധി | | 0 | 0 | 0 | 0 | 0 |
| TDCB FD | | 0 | 0 | 0 | 0 | 0 |
| e-payment | | 0 | 17573 | 17573 | 0 | 17573 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 223 | 55340280 | 162 | 32812939 | 0 | 61 | 72.64 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 36277 | 1002210 | 1038487 | 1015146 | 23341 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 9652493 | 9652493 | 9652493 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 15000 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 5699800 | 489 |
| വിധവാ പെൻഷൻ | 9807600 | 840 |
| വാർദ്ധക്യകാല പെൻഷൻ | 23832200 | 1980 |
| വികലാംഗപെൻഷൻ | 3070300 | 294 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 614800 | 52 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,527/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

1.വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2.ആസ്തി രജിസ്റ്റർ, അതാത് വർഷങ്ങളിലെ പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയത് ചേർത്ത് കാലികമാക്കുന്നില്ല.

3. പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷം പഞ്ചായത്ത് കമ്മിറ്റി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തതായി കാണുന്നില്ല.

4.പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷം പഞ്ചായത്ത് കമ്മിറ്റി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തതായി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 16/01/2019 | 12/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | ലഭ്യമല്ല | | |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിങ്ങ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)), സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം (3,84,21,455) പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

3. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും (9,90,341.00), വാർഷികപത്രികയിൽ പറയുന്ന മുന്നിരിപ്പ് - നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവുമായി (16,65,452.00) പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കുന്നതിനായില്ല.

4.സഞ്ചയ പ്രകാരമുള്ള ഡി.സി.ബി.യും സാംഖ്യ പ്രകാരമുള്ള വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

വസ്തു നികുതി

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| ഡി.സി.ബി. | എ.എഫ്.എസ്. | സഞ്ചയ | എ.എഫ്.എസ്. | സഞ്ചയ | എ.എഫ്.എസ്. |
| 46,22,916 | 45,72,714 | 45,11,150 | 45,23,175 | 54,821 | 49,539 |

അഡ്വാൻസ് ഇനത്തിൽ 2016-17 ബാലൻസ് ഷീറ്റിൽ Property tax on residential building ഇനത്തിൽ ഉണ്ടായിരുന്ന 2,004/- രൂപ 2017-18-ലെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. വസ്തുനികുതി കുടിശ്ശികയിൽ താഴെ പറയും പ്രകാരം അപാകത കാണുന്നു. വസ്തുനികുതി കുടിശ്ശിക ഡി.സി.ബി.യും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല.

| കുടിശ്ശിക ഡിമാന്റ് | | കുടിശ്ശിക കളക്ഷൻ | | കുടിശ്ശിക ബാലൻസ് | |
|---|---|---|---|---|---|
| ഡി.സി.ബി. | എ.എഫ്.എസ്. | ഡി.സി.ബി. | എ.എഫ്.എസ്. | ഡി.സി.ബി. | എ.എഫ്.എസ്. |
| 16,29,493 | 11,14,225 (16-17-ലെ B-15 പ്രകാരമുള്ള തുകയിൽ നിന്നും കുറച്ച തുക) | 15,55,128 | 15,66,750 | 2,01,887 | 1,47,322 |

6. Income&Expenditure അക്കൗണ്ട് പ്രകാരം Prior Period item എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജറുകൾ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

| ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-18 | Income &Expenditure അക്കൗണ്ട് പ്രകാരം 31.3.18 ലെ നീക്കിയിരിപ്പ് |
|---|---|
| Prior Period income property tax on residential buildings | (93499.50) |
| Prior Period income-property tax on non residential buildings | (504171) |

7. സ്റ്റോക്ക് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ക്ളോസിങ്ങ് സ്റ്റോക്കിന്റെ കൃത്യത (3,61,833.00) പരിശോധിക്കുന്നതിനായി സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണത്തിനു പുറമേ വില കൂടി രേഖപ്പെടുത്തേണ്ടതാണ്.

8. Capital work in progress-ൽ ഉൾപ്പെടുത്തിയിരിക്കുന്ന 81,531/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9. തൊഴിൽ നികുതി -വ്യാപാരികൾ എന്ന ഇനത്തിൽ 2016-17-ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള അഡ്വാൻസ് 1,700/- രൂപ 2017-18 ലെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. KSEB, Water Authority എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ആയി നൽകിയിട്ടുള്ള തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത് ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി-18ലും RP 47-ലും ഉൾപ്പെടുത്തിയിട്ടില്ല.

11. ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് (22,93,471.00) രൂപയാണ്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

12. ജനൽ പർപ്പസ് ഫണ്ട് വരവ് വാർഷികകണക്ക് പ്രകാരം (70,63,911/-) രൂപയും അലോട്ട്മെന്റ് പ്രകാരം (91,99,587/-) രൂപയുമാണ്. തുകകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

13. KLGSDP ഗ്രാന്റ് വാർഷികകണക്കും (13,85,280/-) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും (13,55,321/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ പ്രകാരം 1,50,000/- രൂപ ചെലവുണ്ട്. എന്നാൽ വാരഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

15. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

16. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച പദ്ധതി വിഹിതത്തിന്റെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റ് പ്രകാരം 5,85,623/- രൂപയും B4 ഷെഡ്യൂൾ പ്രകാരം (4,64,860/-) രൂപയുമാണ്. B-17 തുകകൾ പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ

പാഡി പ്രൊഡക്ഷൻ ബോണസ്, കേരളോത്സവം ഇനങ്ങളിൽ വരവ് ഉണ്ടെങ്കിലും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലം വരവ്-അക്കൗണ്ട്സും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

RP-5 പ്രകാരം sale of emties and waste materials എന്നയിനത്തിൽ 56,882/- രൂപയും sale of other stores and scrap എന്നയിനത്തിൽ 10,000/- രൂപയും വരവുണ്ട്. ലേലം രജിസ്റ്റർ പ്രകാരം മത്സ്യക്കുളം ലേലം 59,400/- രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ വരവ് വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കിൽ വന്ന ഇനങ്ങൾ ലേല രജിസ്റ്ററിലോ, ലേല രജിസ്റ്ററിൽ വന്ന തുക വാർഷിക കണക്കിലോ ഉൾപ്പെട്ടു കാണുന്നില്ല. ടി അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.20/30.01.2019) മുഴുവൻ തുകയും ഈടാക്കിയതാണെന്നും സാംഖ്യ അക്കൗണ്ടിൽ ഹെഡ് ഓഫ് അക്കൗണ്ട് മാറിപ്പോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. ( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). 2017-18 വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഡിആന്റ്ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൻ പ്രകാരം ചില സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടിട നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | അലങ്കാർ ക്ളേ പ്രൊഡക്ട്സ് | 16/5,16/6 | 24 |
| 2 | സെന്റ്മേരീസ് ടൈൽ വർക്സ് | 14/488(480) | 30 |
| 3 | ഇടശ്ശേരി സിറാമിക്സ് | 16/269 | 8 |
| 4 | R-K പ്ളാസ്റ്റിക് ഇൻഡസ്ട്രീസ് | 13/459 | 9 |
| 5 | ബിസ്മി ക്ളേ പ്രൊഡക്ട്സ് | 11/140 | 19 |

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഈ സ്ഥാപന തൊഴിലുടമയോടോ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നോട്ടീസ് നൽകി തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് എൻക്വയറിക്ക് (എൻക്വയറി നം.21/30.01.2019) മറുപടി നൽകിയിട്ടുണ്ട്.

## 2-3 ജില്ലാ പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത്, മരാമത്ത്പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. നാളിതുവരെ നടത്തിയ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുള്ളതിന്റെയും 31.3.18 വരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 7/29.1.2019 ന് ലഭിച്ച മറുപടിയിൽ നാളിതുവരെ തുകയൊന്നും ലഭിച്ചതായി അറിയിച്ചിട്ടില്ല, 2017-18 വർഷത്തെ ഇ-ടെണ്ടർ ഫീ ഇനത്തിൽ 9,600/- രൂപ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കാനുണ്ടെന്ന മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാനമായ ടെണ്ടർ ഫീ തുക ജില്ലാ പഞ്ചായത്തിൽ നിന്നും നാളിതുവരെ എത്രതുക ലഭിക്കാനുണ്ടെന്നതിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി ആയത് പഞ്ചായത്തിൽ വരവുവയ്ക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-4 റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

ബെന്നി, ലേഖ & ഡെന്നി കാച്ചപ്പിള്ളി വീട് (വാർഡ് 14) എന്നവരുടെ പേരിലുള്ള വ്യാവസായിക (F) ഗണത്തിൽപ്പെട്ട 287.49$m^2$ വിസ്തീർണ്ണമുള്ള കെട്ടിടം പണിയുവാൻ 10.11.2016 ന പഞ്ചായത്ത് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ 386B(10.26$m^2$), 286C(9.88$m^2$), 386D(19.86$m^2$), 386E(110.17$m^2$), 386F(70.14$m^2$), 386G(177.9$m^2$) എന്നിങ്ങനെ ആകെ 398.21$m^2$ നികുതി നിർണ്ണയിച്ചിട്ടുണ്ട്. പെർമ്മിറ്റിൽ അധികരിച്ച് നടത്തിയ നിർമ്മാണം റഗുലറൈസ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.29/31.01.2019).

## 2-5 D&O ലൈസൻസില്ലാതെ നിറ്റ ജലാറ്റിൻ കമ്പനി പ്രവർത്തിക്കുന്നു

1977 മുതൽ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന നിറ്റ ജലാറ്റിൻ എന്ന കമ്പനിക്ക് 2009-2010 വരെ പഞ്ചായത്ത് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിൽ കമ്പനിയുടെ മലിനീകരണം സംബന്ധിച്ച് പരാതികളും അതിനെ തുടർന്ന് കോടതി വ്യവഹാരങ്ങളും കാരണം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. 2010 മുതൽ ലൈസൻസിനുള്ള അപേക്ഷ കമ്പനി സമർപ്പിക്കാറുണ്ടെങ്കിലും മാലിന്യപ്രശ്നങ്ങൾക്ക് കമ്പനി വേണ്ട കരുതൽ നടപടികൾ സ്വീകരിക്കുന്നില്ല എന്ന പ്രധാനകാരണവും മറ്റുപല കാരണങ്ങളും ചൂണ്ടിക്കാട്ടി ലൈസൻസ് പുതുക്കുന്നതിനെതിരെ പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുക്കുകയും സെക്രട്ടറി അപേക്ഷ നിരസിക്കുകയുമാണ് ചെയ്യാറുള്ളത്. എന്നാൽ പഞ്ചായത്തിന്റെ തീരുമാനത്തിന് എതിരെ കമ്പനി ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ബഹു. ഹൈക്കോടതി ഒരു നിശ്ചിതകാലയളവിലേക്ക് താത്ക്കാലികമായി കമ്പനിക്ക് പ്രവർത്തനാനുമതി നൽകുകയും കേസ് തുടർന്നുപോകുന്നതിനിടയിൽ വീണ്ടും ലൈസൻസ് പുതുക്കുന്നതിന് അപേക്ഷസമർപ്പിക്കേണ്ട സമയമാവുകയും കമ്പനി പഞ്ചായത്തിന് അപേക്ഷസമർപ്പിക്കുകയും അപേക്ഷ നിരസിക്കപ്പെടുന്നതിനെത്തുടർന്ന് വീണ്ടും കമ്പനി ബഹു ഹൈക്കോടതിയെ സമീപിക്കുകയും, താത്ക്കാലികാനുമതി നേടി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. വർഷങ്ങളായി ഇതേനടപടികൾ തുടർന്നുവരുന്നതായാണ് കാണുന്നത്. ഇപ്പോഴും നിരവധി കേസുകൾ തീർപ്പാകാതെ നിലനിൽക്കുന്നതായി കാണുന്നു. 16-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2 ൽ ഇതേ വിഷയം പരാമർശിച്ചിട്ടുണ്ട്.

നിരന്തരമായ കോടതിവ്യവഹാരങ്ങളിൽ നിന്നും പഞ്ചായത്തിനേയും, മലിനീകരണപ്രശ്നങ്ങളിൽ നിന്ന് നിന്നും പുഴയെയും നാടിനേയും മോചിപ്പിച്ചുകൊണ്ട് ഈ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരത്തിലേക്ക് എത്തിച്ചേർന്ന് നിയമപരമായ എല്ലാ അനുമതികളോടും കൂടെ കമ്പനി പ്രവർത്തിപ്പിക്കാൻ വേണ്ടുന്ന എല്ലാ നടപടികളും ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ ഭാഗത്തുനിന്നും സ്വീകരിക്കപ്പെടണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചത് -ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

വൗച്ചർ നം 21700270/19.7.17 ,₹ 2,40,000/-

മഴക്കാല പൂർവ്വശുചീകരണപ്രവർത്തനങ്ങൾക്കായി കാതിക്കുടം പി.എച്ച്.സി.മെഡിക്കൽ ഓഫീസർക്ക് സെക്രട്ടറിയുടെ നടപടിക്രമം എഫ്-3131/2017/15.7.2017 പ്രകാരം 2,40,000/-രൂപ അനുവദിച്ചിട്ടുണ്ട് (16 വാർഡുകളിലേക്കായി 15,000/-രൂപ വീതം, 10,000 ശുചിത്വമിഷൻ വിഹിതം + 5,000 തനത് ഫണ്ട്) ആണ് തുക വകയിരുത്തിയിട്ടുള്ളത്.
ശുചിത്വമിഷൻ വിഹിതം 10,000/-രൂപയിൽ 5,638/- രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതും ബാക്കിയുള്ള 4,362/-രൂപ ലഭിക്കുന്ന മുറക്ക് തനത്ഫണ്ട് അക്കൗണ്ടിൽ വരവുവക്കുമെന്നുള്ള വ്യവസ്ഥയിൽ തനത്ഫണ്ടിൽ നിന്നും 4,362/-രൂപ മുൻകൂർ അനുവദിക്കാൻ പഞ്ചായത്ത് കമ്മറ്റിയുടെ 1/24.6.17 തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് മേല്പറഞ്ഞപ്രകാരം തുക അനുവദിക്കുന്നതെന്ന് സെക്രട്ടറിയുടെ നടപടിക്രമത്തിൽ പറഞ്ഞിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായിഅനുവദിച്ച 2,40,000/-രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 2,40,000/- തടസ്സപ്പെടുത്തുന്നു. തനത്ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ച 16 x ₹4362/- = ₹69792/- രൂപ ശുചിത്വമിഷനിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-2 എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ, വൈന്തല

പദ്ധതി നമ്പർ-16/18 എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി.

| ബിൽ നമ്പർ | തുക |
|---|---|
| 2/12.1.18 | 80000 |
| 4/29.1.18 | 80000 |
| 6/9.2.18 | 80000 |
| 9/15.2.18 | 120000 |
| 7/12.2.18 | 120000 |
| 10/8.2.18 | 120000 |
| 12/5.3.18 | 40000 |
| 14/14.3.18 | 240000 |
| 15/14.3.18 | 120000 |
| 21/31.3.18 | 160000 |
| 20/24.3.18 | 160000 |

മേൽ പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. 2017-18 ൽ 5പേർ പണി പൂർത്തീകരിച്ചു. 2018-19 ൽ ബാക്കി 11 പേരും പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതില് 14 പേരുടെ ഫയലിലും നിലവിലെ വീടിന്റെ വിസ്തീർണ്ണം കാണിക്കുന്ന പ്ളാൻ, പണിയുവാൻ ഉദ്ദേശിക്കുന്ന മുറിയുടെ വിസ്തീർണ്ണം കാണിക്കുന്ന പ്ളാൻ എന്നിവ ഇല്ല. വാല്യുവേഷനിലും എത്ര സ്കയർഫീറ്റ് മുറി പണിതു എന്ന വിശദാംശം ഇല്ലാത്തതിനാൽ ഉത്തരവിലും അധികം പണിതുവോ എന്നറിയുവാൻ സാധിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രസ്തുത ഗുണഭോക്താക്കളുടെ വീടിന്റെ നിലവിലെ വിസ്തീർണ്ണം 60എം2 ൽ അധികരിക്കുന്നുവെങ്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു.

1.പൊൻക സുബ്രൻ, വാർഡ്1

2.ശോഭന ഷാജു, വാർഡ് 5

3.വിലാസിനി മോഹനൻ, വാർഡ്-5

4.നാരായണൻ, വാർഡ്-6

5.അംബിക കെ.ആർ, വാർഡ്-10

6.ഷിബു.എം.പി, വാർഡ്3

7.രാജൻ.ടി.എം, വാർഡ്-4

8.വത്സല പ്രഭാകരൻ, വാർഡ്-11

9.ബിനു കൃഷ്ണൻ, വാർഡ്-9

10.റീജ സുരേഷ്, വാർഡ്-15

11.ലീല.കെ.വി, വാർഡ് 16

12.ശ്യാമള അപ്പു, വാർഡ്-9

13.സ്വാമി.കെ.പി, വാർഡ്-14

14.സുമ.പി.കെ, വാർഡ്-2

ഫയലിൽ ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-3 ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ, കാട്ടുകുറ്റി

പദ്ധതിയി നമ്പർ-44/18

ബിൽ നമ്പർ-8/9.3.18-5,000/-

,, 9/9.3.18-10,000/-

,, 14/31.3.18-5,000/-

ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിപ്രകാരം വാട്ടർ കണക്ഷൻ എടുത്ത് ഇൻവോയ്സ് കാർഡ് ഹാജരാക്കുന്നവരുടെ അക്കൗണ്ടിലേക്ക് 5,000/- രൂപ സബ്സിഡി നൽകുവാനാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതിയിൽ ധനസഹായം നൽകിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|
| മേരി തോമസ് കാച്ചപ്പിള്ളി | 28.3.2018 ൽ ആണ് വർക്ക് ഓഡർ നൽകിയിരിക്കുന്നത്.അതായത് കണക്ഷൻ ലഭിക്കുന്നതിന് മുന്പ് ധനസഹായം നൽകിയിട്ടുണ്ട് |
| ഫ്രാൻസിസ് സിമേതി, കാവലംപറമ്പ് | "26.3.18 ലാണ് വർക്ക് ഓഡർ നൽകിയിരിക്കുന്നത് ". |
| പ്രിൻസി ബിജു പീറ്റർ | വരുമാനസർട്ടിഫിക്കറ്റ് ഇല്ല. |
| താണ്ട കുഞ്ഞിപൈലൻ | ഇൻവോയ്സ് കാർഡിൽ കണക്ഷൻ ലഭിച്ച തീയതി/മീറ്റർ നമ്പർ ഇല്ല. |

അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവ് തുക 20,000/-തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 22/31-01-2019).

## 3-4 കല്ലൂർ സ്കൂൾ റോഡ് കോൺക്രീറ്റിംഗുംമെയിന്റനൻസും എന്ന

## പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിക്കേണ്ടതാണ്

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 30.1.2019 ന് ഓഡിറ്റ് ടീം, പഞ്ചായത്ത് ഓവർസീയറുടെ സാന്നിധ്യത്തിൽ വിവിധ പദ്ധതിപ്രദേശങ്ങൾ നേരിട്ട് പരിശോധിക്കുകയുണ്ടായി. അസി.എഞ്ചിനീയർ നടപ്പാക്കിയ കല്ലൂർ സ്കൂൾ റോഡ് കോൺക്രീറ്റിംഗും മെയിന്റനൻസും എന്ന പ്രവൃത്തി പരിശോധിച്ചപ്പോൾ താഴെ പറയുംപ്രകാരമുള്ള അപാകത ശ്രദ്ധയിൽപ്പെട്ടു.

പ്രൊജക്റ്റ് വിശദാംശങ്ങൾ-
പ്രൊജക്റ്റ് നം-SO31/18

കരാറുകാരൻ-എം.കെ.തോമസ്

അളവുപുസ്തകം-9/17-18

അടങ്കൽ-MG(Road)-50,000 + CFC Grant-2,00,000

ചെലവ്-ട്രഷറി ബിൽ നം.60/16.2.18,₹2,00,000/-

61/16.2.18 , ₹47,392/-

അളവു പുസ്തക പ്രകാരം ചെയ്ത പ്രവൃത്തികൾ

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് |
|---|---|---|
| 1 | Surface dressing | Not done |
| 2 | Pot hole filling,1:4:8 | 2.168m3 |
| 3 | 1:2:4 concreting for maintanance | 15m |
| 4 | Quarry muck filling | 74.1m |
| 5 | 1:2:4 concreting | 74.1m |

അപാകത

പ്രവൃത്തി നടന്ന റോഡ് നേരിട്ട് പരിശോധന നടത്തിയപ്പോൾ സ്കൂളിന്റെ വശത്തുകൂടിയുള്ള റോഡിന്റെ ആരംഭഭാഗത്ത് കുഴികൾ അടച്ചിട്ടുള്ളതായും തുടർന്നുള്ള 15 മീറ്ററോളം നീളത്തിൽ 1:2:4 കോൺക്രീറ്റിംഗ് നടത്തിയതായും കാണാനായി. എന്നാൽ തുടർന്നുള്ള 74 മീറ്റർ നീളത്തിൽ 1:2:4 കോൺക്രീറ്റിംഗ് തൃപ്തികരമായി നടത്തിയതായി കണ്ടില്ല. റോഡിന്റെ ഉപരിതലം നിരപ്പുള്ളതല്ല, വലിപ്പം കൂടിയ മെറ്റലുകളാണ് ഉപരിതലത്തിൽ അധികമായും കാണാനായത്. റോഡിന്റെ ഈ ഭാഗവും 1:2:4 കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ള റോഡിന്റെ ആദ്യഭാഗവും തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ട്. പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിച്ച് ഉത്തരവാദപ്പെട്ടവർ അപാകതപരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 റോഡ് പണിക്ക് വേണ്ട അളവിൽ RS1 Emulsion കരാറുകാരനു നൽകിയിട്ടില്ല

പദ്ധതിയുടെ പേര്-ഇറിഗേഷൻ കനാൽ റോഡ് റീടാറിംഗ്, SO136/18

ചെലവ്-ട്രഷറി ബിൽ നം16/30.6.17 , ₹140413/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

അളവുപുസ്തകം-86/16-17

ഈ പ്രവൃത്തിയുടെ ഇനം 2 ടാക് കോട്ട് സീലിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അളവ് 950 m2 ആണ്.അളവുപുസ്തകപ്രകാരം ചെയ്തത് 882.7m2.

ടി പ്രവൃത്തിക്ക് ആവശ്യമായ RS1 Emulsion ന്റെ അളവ് താഴെ കൊടുക്കുന്നു

എസ്റ്റിമേറ്റ് പ്രകാരം, 950 m2 x 0.225 kg = 213.75 kg

യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിക്ക് ആവശ്യമായത്= 882.7 m2 x 0.225 kg = 198.6 kg

882.7m2 ടാക് കോട്ട് സീലിംഗ് പ്രവൃത്തിക്ക് 198.6 kg RS1 Emulsion ആവശ്യമാണെന്നിരിക്കെ സ്റ്റോക്ക് രജിസ്റ്റർ പേജ് 9 പ്രകാരം കരാറുകാരന് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ളത് 161.823 kg ആണെന്നുകാണുന്നു. ഇപ്രകാരം കുറഞ്ഞ അളവ് അനുവദിക്കാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 16/30.01.2019 ന് ലഭിച്ച മറുപടി തൃപ്തികരമല്ല. ഫൈനൽബില്ലിൽ 161.823 kg യുടെ വില തന്നെയാണ് കുറവുചെയ്തിട്ടുള്ളതെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. ഇപ്രകാരം റോഡ് പ്രവൃത്തിക്ക് ആവശ്യമായ അളവിൽ എമൾഷൻ ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്റ്റുകൾ-അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിൽ താഴെ പയുന്ന ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം, പേര് | ട്രഷറി ബിൽ നം/തിയതി | തുക |
|---|---|---|---|
| 1 | 102/18,കുലയിടം പാറയം LI എക്സ്റ്റൻഷൻ,വാർഡ്11 | 56/9.2.18<br>57/9.2.18 | 83367<br>90200 |
| 2 | 111/18സംബാലൂർ വട്ടക്കോട്ടLI പൈപ്പ് എക്സ്റ്റൻഷൻ,വാർഡ്1 | 55/9.2.18 | 136067 |
| 3 | 123/18പള്ളിക്കടവ് LI എക്സ്റ്റൻഷൻ,വാർഡ്2 | 97/22.3.18 | 150679 |
| 4 | 99/18, ചെറുവാളൂർ കിഴക്കുംഭാഗം,LI എക്സ്റ്റൻഷൻ,വാർഡ്13 | 94/20.3.18 | 147645 |
| 5 | 122/18,കുലയിടം LI എക്സ്റ്റൻഷൻ,വാർഡ്12 | 64/27.2.18 | 138067 |
| 6 | 115/18,മോട്ടോർഷെഡ് മെയിന്റനൻസ്,കോതകടവ് LI,വാർഡ് 4 | 49/29.1.18 | 142085 |

അപാകതകൾ-(1)ജലസേചന പ്രൊജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പാടശേഖരസമിതിയെയോ ഗുണഭോക്തൃസമിതിയേയോ ഏല്പിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ /തിയ്യതി 29.03.2017 ഖണ്ഡിക12.3.3 ൽ നിർദ്ദേശിച്ചിട്ടുണ്ട്. മേല്പറഞ്ഞ ജലസേചനപദ്ധതികൾ ഇപ്രകാരം സമിതികളെ ഏല്പിച്ചതിന് രേഖകൾ ഫയലിൽ ഇല്ല.

(2)പള്ളിക്കടവ് LI എക്സ്റ്റൻഷൻ പദ്ധതിയുടെ പ്രൊജക്റ്റ് രൂപീകരണഫോറം ഖണ്ഡിക 42 പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ അനുവാദം ലഭിച്ച ശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കാവൂ, ഇറിഗേഷൻ വകുപ്പിന്റെ അനുവാദം ലഭിച്ചതിന്റെ രേഖകളില്ല.

(3)ജലസേചനപദ്ധതികളും അവഎക്സ്റ്റൻഷൻ നടത്തിയതും പഞ്ചായത്തിന്റെ ആസ്തിയിൽ കൃത്യമായി

ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. പ്രൊജക്റ്റ് രൂപീകരണഫോറത്തിൽ ആസ്തി യുണീക് നമ്പർ ചേർക്കുന്നില്ല. മേൽ പറഞ്ഞ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4/28.1.2019 ന് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-7 റോഡ് കണക്ടിവിറ്റി പ്ലാൻ,ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017-ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണ്. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്ടിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്ടിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്. എത്രയും വേഗം അവ തയ്യാറാക്കേണ്ടതാണ്.

## 3-8 സംരക്ഷണഗ്രാന്റ്(റോഡ്) ഉപയോഗിച്ച് സോളിംഗ്,മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചു

തദ്ദേശഭരണവകുപ്പിന്റെ 28.11.2012 ലെ സർക്കുലർ നം.68228/എഫ്.എം.1 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന് കൈമാറിക്കിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ശേഷവും റോഡ് സംരക്ഷണഗ്രാന്റ് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണസ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഏകകണ്ഠമായ തീരുമാനമെടുത്തതിന് ശേഷമായിരിക്കണം സംരക്ഷണഗ്രാന്റ് നിർമ്മാണപ്രവൃത്തികൾക്കും ഉപയോഗിക്കുന്നത്.

തൻവർഷം റോഡ് സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് താഴെ പറയുന്ന സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. ആയതിന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടനം/പേര് | ചെലവിന്റെ വിവരം | | ചെയ്ത പ്രവൃത്തി |
|---|---|---|---|---|
| | | ട.ബി.നം./തിയതി | തുക | |
| 1. | 21/18, പേരനാട്ട്പാടം റോഡ് സബ് ഗ്രേഡ് പ്രിപ്പറേഷൻ,ടാറിംഗ് | 87/9.3.2018 | 233515 | 58.5m പുതിയ റോഡ് മണ്ണിട്ട്ഉയർത്തി ഫസ്റ്റ് മെറ്റലിംഗ് നടത്തിയശേഷം 148.5m സെക്കന്റ് മെറ്റലിംഗ്, ടാറിംഗ് |
| 2. | 33/18,കെ.കെ.റോഡ് സെക്കന്റ് മെറ്റലിംഗ്,ടാറിംഗ് | 92/20.3.18 | 86335 | 68m സെക്കന്റ് മെറ്റലിംഗ്, ടാറിംഗ് |
| 3. | 94/18 അന്നനാട് സ്കൂൾ കനാൽബണ്ട് റോഡ് സെക്കന്റ് മെറ്റലിംഗ്,ടാറിംഗ്,സൈഡ് പ്രൊട്ടക്ഷൻ | 95/22.3.18 | 260858 | 29mപുതിയ റോഡ് മണ്ണിട്ട് ഉയർത്തി ഫസ്റ്റ് |

| | | | | |
|---|---|---|---|---|
| | | | | മെറ്റലിംഗ് നടത്തിയശേഷം 129m സെക്കന്റ് മെറ്റലിംഗ്, ടാറിംഗ് |
| 4 | 91/18അമ്പഴക്കാട് മേനാച്ചേരി റോഡ് സെക്കന്റ് മെറ്റലിംഗ്,ടാറിംഗ് | 86/9.3.18 | 305636 | 1.69m$^3$ പാച്ച് വർക്ക്, 215mസെക്കന്റ് മെറ്റലിംഗ്, ടാറിംഗ് |

റോഡ് സംരക്ഷണഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ചെയ്യുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## **3-9** പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക പുതിയ റോഡ് പ്രവൃത്തികൾക്ക് ഉപയോഗിച്ചു

13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ, യിലെ ഖണ്ഡിക 13.8(1)(vii) അനുസരിച്ച് റോഡ് സംരക്ഷണം, പരിപാലനം എന്നീ പ്രവർത്തനങ്ങൾക്ക് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. തദ്ദേശഭരണവകുപ്പിന്റെ 10.11.2017ലെ ഡി.എ. 1/859/2017/തസ്വഭവ- നം സർക്കുലറിൽ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും ചെയ്യാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി മാത്രമേ കോൺക്രീറ്റിംഗും ടാറിംഗും നടത്താവൂ എന്നും സർക്കുലറിൽ പറയുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് പുതിയ റോഡ് നിർമ്മാണത്തിന് വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം./ചെലവഴിച്ച തുക | ചെയ്ത പ്രവൃത്തി |
|---|---|---|---|---|
| 1. | 84/18 | പാമ്പൂത്തറ പാടം റോഡ് | 59/16.2.18; | 112.5m |

| | | | | |
|---|---|---|---|---|
| | | നിർമ്മാണം | 281978/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | മെറ്റലിംഗ്,ടാറിംഗ് |
| 2 | 31/18 | കല്ലൂർ സ്കൂൾ റോഡ് കോൺക്രീറ്റിംഗ്,മെയിന്റനൻസ് | 60/16.2.18/ 2,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 15mറോഡ് മെയിന്റനൻസ്, 74.1m റോഡ് പുതിയതായി കോൺക്രീറ്റിംഗ് |
| | | | 61/16.2.18/ 47392(മെയിന്റനൻസ് ഗ്രാന്റ്) | |

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിൽ നിന്നും വ്യതിചലിച്ച് മേൽ പറഞ്ഞപ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പുതിയ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-10 കൃഷി-നടീൽവസ്തുക്കളുടെ വിതരണം പദ്ധതിക്ക് ഗുണഭോക്തൃവിഹിതം പിരിച്ചതിലെ അപാകത

അടങ്കൽ – വികസന ഫണ്ട് (പൊതുവിഭാഗം)=1,00,000/-
ഗുണഭോക്തൃവിഹിതം= 33,333/1,33,333

ചെലവ് – ട്രഷറി ബിൽ നം. KDY-PPP/17-18/22-01-2018- 99,960/- ; ചെക്ക് നം. 9540473/28-12-2017-33,320/-

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 'നടീൽ വസ്തുക്കളുടെ വിതരണം' എന്ന പദ്ധതിക്കായി സ്റ്റേറ്റ് സീഡ് ഫാമിൽ നിന്നും 392 എണ്ണം വീതം DxT, TxD, Segregant തെങ്ങിൻതൈകൾ വാങ്ങിയിട്ടുണ്ട്. പരിശോധനക്ക് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 120 പേരുടെ ലിസ്റ്റിൽ 86 പേർക്കായി മേൽപറഞ്ഞ 392 x 3 = 1176 തെങ്ങിൻതൈകൾ വിതരണം ചെയ്തു.
3 തെങ്ങിൻതൈകൾ വീതമുള്ള ഒരു യൂണിറ്റിന്റെ വില 340/- രൂപയും ആയതിന്റെ 75% സബ്സിഡിയും 25% ഗുണഭോക്തൃവിഹിതവുമാണ്. ആതായത് 85% രൂപയാണ് ഒരു യൂണിറ്റിന്റെ ഗുണഭോക്തൃവിഹിതം പിരിക്കേണ്ടത്.
ഈ പദ്ധതിക്കായി കേരസമിതിയുടെ പേരിൽ കൃഷി ഓഫീസർ ഇഷ്യൂ ചെയ്തിട്ടുള്ള രസീതി പ്രകാരം ഗുണഭോക്തൃവിഹിതം 33,320/-രൂപ പിരിച്ചത്, 20.12.2017 ന് കൃഷി ഓഫീസറുടെ ക്യാഷ് ബുക്കിൽ വരവു വച്ച്, പഞ്ചായത്തിൽ അന്നതന്നെ അടവാക്കിയിട്ടുണ്ട്. (സാംഖ്യ Rs -117050103519/20.12.2017). ആയത് 16.1.2018ന് സ്റ്റേറ്റ് സീഡ് ഫാമിന് കൈമാറുകയും ചെയ്തു.

പദ്ധതിപ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ചതിന് ഓരോ ഗുണഭോക്താവിനും രശീതി നൽകിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കളിൽ നിന്നും എത്ര രൂപവീതമാണ് പിരിച്ചെടുത്തതെന്ന് ഉറപ്പുവരുത്താനായിട്ടില്ല. 392 units 86 പേർക്കായി വിതരണംചെയ്തു. ഗുണഭോക്തൃവിഹിതം അടച്ചതനുസരിച്ച് തന്നെയാണോ തെങ്ങിൻ തൈകൾ അനുവദിച്ചതെന്ന് പരിശോധിക്കാനായിട്ടില്ല. ഗുണഭോക്തൃവിഹിതം പിരിക്കുമ്പോൾ ഓരോ ഗുണഭോക്താവിനും രശീതിനൽകി തുക പിരിവുനടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 വയോജനക്ഷേമം വയോജന കൂട്ടായ്മ-മാർഗ്ഗരേഖക്ക് വിരുദ്ധം

പദ്ധതി നമ്പർ-75/18 സ്പിൽ ഓവർ

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ-1/30.6.2017-50,408/-രൂപ (സ്പിൽ ഓവർ)

മേൽ പദ്ധതി പ്രകാരം വയോജനങ്ങൾക്കായി ബോധവൽക്കരണ ക്ലാസ്സ്, വയോജന കൂട്ടായ്മ എന്നിവക്കായാണ് തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് നമ്പർ-4/2016/തസ്വഭവ /11.1.2016 ഉത്തരവ് ഖണ്ഡിക 7.7 പ്രകാരം ഉൽപ്പാദന പരമല്ലാത്ത ബോധവൽക്കരണ ക്ലാസ്സ്, മേളകൾ എന്നിവ ഏറ്റെടുക്കുവാൻ പാടില്ല. ആയതിനാൽ ചെലവ് തുക(50,408/-രൂ) തടസ്സപ്പെടുത്തുന്നു. (എൻക്വയറി നമ്പർ. 19/30.01.2019)

## 3-12 വിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല

| ക്രമ നം. | പദ്ധതി നമ്പർ | ബിൽ നമ്പർ/തീയതി /തുക | റിമാർക്സ് |
|---|---|---|---|
| 1 | 127/18 | 18/2.9.17-50,000/- | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 2 | 22/18 | 19/12.10.17-50,000/- | ഐകെഎം വിഹിതം നൽകൽ-കൈപ്പറ്റ് രസീത് ഇല്ല. |
| 3. | 126/18 | 17/2.9.17-1,00,000/- | ഐഎംഎ ബ്ളഡ് ബാങ്കിന് പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഇല്ല, കൈപ്പറ്റ് രസീത് ഇല്ല. |
| 4. | 109/18 | 16/21.9.17-25,000/- | എബിസി പ്രോഗ്രാം വിഹിതം നൽകൽ-കൈപ്പറ്റ് രസീത് ഇല്ല, |

| | | | |
|---|---|---|---|
| | | | വിനിയോഗ<br>സാക്ഷ്യപത്രം ഇല്ല. |
| 5. | 47/18 | ബിൽ നമ്പർ-21/26.10.17-7,36,895 /-(കെഎസ് ഇബി കൊരട്ടി)<br>ബിൽ നമ്പർ-25/8.1.18-2,36,525/-(കെഎസ് ഇബി അന്നമനട)<br>ചെക്ക് നമ്പർ-1898756/27.2.18-1,11,700/-(കെഎസ് ഇബി അന്നമനട)<br>ചെക്ക് നമ്പർ-9788985/31.3.18-2,72,032/-(കെഎസ് ഇബി കൊരട്ടി) | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ-കെഎസ് ഇബി ഡെപ്പോസിറ്റ് -കരാർ,പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. |
| | ആകെ | 15,82,152/- | |

പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 15,82,152/-രൂ തടസ്സപ്പെടുത്തുന്നു. (എൻക്വയറി നമ്പർ- 13/30.01.2019)

## 3-13 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് കസേര വാങ്ങൽ–കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പദ്ധതി നമ്പർ-035/18

അടങ്കൽ-1,99,804/-

ബിൽ നമ്പർ-31/14.2.2018-30,000/-

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് കസേര വാങ്ങൽ എന്ന പദ്ധതിയ്ക്ക് ടെണ്ടർ ക്ഷണിച്ചതിൽ ഫിഡ്കോ, കോഴിക്കോട്, റിയൽ ഗ്രൂപ്പ് മലപ്പുറം എന്നീ രണ്ട്, സ്ഥാപനങ്ങളുടെ ടെണ്ടർ ലഭിച്ചതിൽ റേറ്റുകൾ താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിരുന്നു.

| ഫിഡ്കോ | റിയൽ ഗ്രൂപ്പ് |
|---|---|
| ഫ്രണ്ട് ലി-288/- | എൻടൈസ് ടൈപ്പ് 1-385 |
| എസ്ക്വയർ-388/- | എൻടൈസ്ടൈപ്പ് 2 -418 |
| സുപ്രീം-444/- | |
| നീൽകമൽ-492/- | |

പഞ്ചായത്ത് കമ്മറ്റിയുടെ 30.12.17 ലെ 3(5) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് പ്രിഫർ ചെയ്തിരുന്ന ബ്രാന്റായ എൻടൈസ് ക്വാട്ട് ചെയ്തിരിക്കുന്നത് റിയൽ ഗ്രൂപ്പ് ആയതിനാൽ അവരുടെ ടെണ്ടർ

അംഗീകരിക്കുന്നതിനും രേഖപ്പെടുത്തിയതിൽ ഗുണമേന്മയുള്ളതെന്ന് പഞ്ചായത്ത് കമ്മറ്റി കരുതുന്ന 418/- രൂപ വിലയുള്ള എൻടൈസ് ടൈപ്പ് 2 ബ്രാന്റിന്റെ കസേരകൾ വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഉത്തരവ് പ്രകാരം പ്രത്യേക ബ്രാന്റ് പ്രിഫർ ചെയ്യുവാൻ പാടില്ല. കൂടാതെ സാംപിൾ പരിശോധിച്ചാണ് ഗുണമേന്മ ഉറപ്പു വരുത്തേണ്ടത്. സർക്കാർ അംഗീകൃത ക്വാളിററി മാനദണ്ഡങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ അത്തരം മാനദണ്ഡങ്ങൾ ആധാരമാക്കിയാണ് സാധനങ്ങൾ വാങ്ങേണ്ടത്. ഉത്തരവിനു വിരുദ്ധമായി വാങ്ങൽ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

## **3-14** സോഡിയം വേപ്പർ ലാമ്പുകളുടെ അറ്റകുറ്റപ്പണി -ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പദ്ധതി നമ്പർ-45/18

ബിൽ നമ്പർ-39/27.2.2018-8425

സ.ഉ.(എംഎസ് )നം.80/2017/തസ്വഭവ /3.4.2017 ലെ ഖണ്ഡിക 12.8(1) പ്രകാരം സോഡിയം വേപ്പർ ലാമ്പുകളുടെ അറ്റകുറ്റപ്പണികൾ തനത് ഫണ്ട് ഉപയോഗിച്ചാണ് നടത്തേണ്ടത്. എന്നാൽ തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ എന്ന പദ്ധതിയിൽ എബിസി മാർക്കറ്റിങ്ങ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.1785/28.11.2017 പ്രകാരം സോഡിയം വേപ്പർ ലാമ്പ് ചോക്ക്, ലാമ്പ്, കപ്പാസിറ്റർ, ഇഗ്നിറ്റർ, ഹോൾഡർ എന്നിവ അറ്റകുറ്റപ്പണിക്കായി വാങ്ങിയിട്ടുണ്ട്. ഉത്തരവുകൾ പാലിച്ച് മാത്രം മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-15** ആശ്രയ വിഹിതം നൽകിയത് ചെലവഴിച്ചിട്ടില്ല.

1) നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പദ്ധതി നമ്പർ-18/18 -5,00,000/-രൂപ ജനറൽ

ബിൽ നമ്പർ-11/11.7.17-5,00,000/-
2) നിർവ്വഹണ ഉഗ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി നമ്പർ-51/18-4,00,000/- എസ് സി

ബിൽ നമ്പർ-6/19.7.17-4,00,000/-

ആശ്രയ പദ്ധതി ജനറൽ വിഭാഗത്തിന് 5,00,000/-രൂപ പിൻവലിച്ച് സിഡിഎസിന് കൈമാറിയിട്ടുണ്ട്. പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് 2,50,000/-രൂപയും (ഒരാൾക്ക് )ഭവന പുനരുദ്ധാരണത്തിന് 2,50,000/-രൂപയുമാണ് (10 പേർക്ക്) വകയിരുത്തിയിരുന്നത്. എസ് സി പദ്ധതിയിൽ വീട് നിർമ്മാണത്തിന് 2,50,000/-രൂപയും പുനരുദ്ധാരണത്തിന് 15,00,000/-രൂപയും വകയിരുത്തിയിരുന്നു. എന്നാൽ 2017-18 ൽ ജനറൽ വിഭാഗത്തിന് കൈമാറിയ ഫണ്ടിൽ നിന്ന് 25,000/-രൂപ ഭവന പുനരുദ്ധാരണത്തിന് നൽകിയതൊഴികെ മറ്റ് ചെലവുകൾ ഒന്നും ഇല്ല. കുടുബശ്രീ ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ ആശ്രയക്കായി കാത്തലിക് സിറിയൻ ബാങ്ക് (അക്കൗണ്ട് നമ്പർ-195001), കാട്ടുകുറ്റി SCB ലിമിറ്റഡ് നം.628(അക്കൗണ്ട് നം. 4118), കാത്തലിക് സിറിയൻ ബാങ്ക് (അക്കൗണ്ട് നമ്പർ- 19001) എന്നിങ്ങനെ 3 അക്കൗണ്ടുകൾ ഉണ്ട്. സി എസ് ബി -195001 കറന്റ് അക്കൗണ്ട് ആയിരുന്നു. ആയതിൽ ഉണ്ടായിരുന്ന തുക 22,75,000/-രൂപ 14.8.18 ൽ, സി എസ് ബി അക്കൗണ്ട് നം.19001ലേക്ക് മാറ്റി. നിലവിൽ കറന്റ് അക്കൗണ്ടിൽ 7201.75 രൂപ ബാലൻസ് ഉണ്ട്. കൂടാതെ കാട്ടുകുറ്റി എസ് സിബി അക്കൗണ്ട് നം.4118 ൽ 11,73542.30 കൂടി ബാലൻസ് ഉണ്ട്. 30.8.2018

വരെ ആശ്രയ അക്കൗണ്ടുകളിലെ ബാലൻസ് 3,45,57,441.00രൂപ ആണ്. ആയതിൽ 8,64,400.00രൂപ ജനറൽ പ്ളാൻ ഫണ്ടും 17,24,031.00 രൂപ എസ് സി പ്ളാൻ ഫണ്ടും ആണ്. (ബാക്കി തുകയിൽ ചലഞ്ച് ഫണ്ട് 2,15,526/- രൂപയും പലിശയും ആണ്). ഇത്ര വലിയ തുക ആശ്രയക്കായി പിൻ വലിച്ച് ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ജി ഒ(പി)നം.177/2006/ഫിൻ ഉത്തരവിന് വിരുദ്ധമാണ്. ആയതുപ്രകാരം ചെലവ് വരും എന്ന നിഗമനത്തിൽ പ്ളാൻഫണ്ട് തുകകൾ പിൻ വലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുവാൻ പാടില്ല.

ആശ്രയ പദ്ധതിയുടെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

ഒന്നാംഘട്ടം

| അടിസ്ഥാന സൗകര്യം | തെരഞ്ഞെടുത്തവർ | ലഭ്യമായവർ |
|---|---|---|
| ഭൂമി | 26 | 2 |
| വീട് | 17 | 12 |
| വീട് മെയിന്റനൻസ് | 73 | 36 |
| കുടിവെള്ളം | 73 | 10 |
| ടോയ്‌ലറ്റ് | 62 | 14 |
| വൈദ്യുതി | 31 | 0 |

രണ്ടാം ഘട്ടം പുരോഗതി

| അടിസ്ഥാന സൗകര്യം | തെരഞ്ഞെടുത്തവർ | ലഭ്യമായവർ |
|---|---|---|
| ഭൂമി | 6 | 0 |
| വീട് | 23 | 8 |
| വീട് മെയിന്റനൻസ് | 53 | 5 |
| കുടിവെള്ളം | 9 | 1 |
| ടോയ്‌ലറ്റ് | 8 | 1 |
| വൈദ്യുതി | 11 | 0 |

മേൽ വിവരങ്ങളിൽ നിന്നും ഒന്നും രണ്ടും ഘട്ടങ്ങളിലും ആശ്രയ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല എന്ന് കാണുന്നു. സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ആശ്രയ ഗുണഭോക്താക്കൾക്ക് നൽകേണ്ട ഫണ്ട് സമയബന്ധിതമായി നൽകേണ്ടതിലേക്ക് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## **3-16** എസ് സി യുവതി യുവാക്കൾക്ക് മോട്ടോർ സൈക്കിൾ വാങ്ങൽ–മോണിറ്ററിങ്ങ് ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി. സെക്രട്ടറി

പദ്ധതി നമ്പർ-78/18

ബിൽ നമ്പർ-5/30.6.17-19,666/-

പ്രസ്തുത പദ്ധതിയിൽ സുധീഷ്, പീടിക പറമ്പിൽ, കാട്ടുകുററി, എന്ന വ്യക്തിക്ക് മോട്ടോർ സൈക്കിൾ വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. യൂനോ ബൈക്ക്സ്, കുരിയച്ചിറ എന്ന സ്ഥാപനത്തിനാണ് (ഇൻവോയ്സ് നമ്പർ-10-A-VS-10/7.7.2017 -59,006/-രൂപ) സബ്സിഡി തുക, 19,666/-രൂപ കൈമാറിയത്. സ.ഉ.(എംഎസ് )നം.80/2017/തസ്വഭവ /3.4.2017 പ്രകാരം ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തുവാൻ തയ്യാറുള്ളവർ ആയിരിക്കണം. ഫയൽ പരിശോധിച്ചതിൽ ടിയാൻ ചെയ്യുവാൻ ഉദ്ദേശിക്കുന്ന തൊഴിൽ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട മോണിറ്ററിങ് സമിതി റിപ്പോർട്ടും ഫയലിൽ ഇല്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. (എൻക്വയറി നമ്പർ.15/30.01.2019)

## 3-17 എസ് സി വാട്ടർ കണക്ഷൻ പദ്ധതി-കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി. സെക്രട്ടറി

പദ്ധതി നമ്പർ-92/18

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 13/12.1.18 | 7500 |
| 14/12.1.18 | 7500 |
| 16/14.3.18 | 7500 |
| 17/14.3.18 | 7500 |
| 18/23.3.18 | 15000 |

എസ്.സി വാട്ടർ കണക്ഷൻ പദ്ധതിയിൽ വാട്ടർ അതോറിറ്റിയിൽ നിന്ന് കണക്ഷൻ എടുത്തവർക്ക് സബ്സിഡി ആയി 7,500/-രൂ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികളുടെ ഫയലിൽ കണക്ഷൻ ലഭ്യമായ തീയതി ഇല്ല.

1.പേങ്ങൻ, ഷാരത്ത്, പാളയംപറമ്പ്

2.നീലി കോരൻ, ഉടുമ്പത്ര, അന്നനാട്

3.ഗീത, തമ്മനത്ത്, കാതിക്കുടം

4.രാജി പെരിങ്ങാടൻ, കാതിക്കുടം

ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-18 എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ അധിക തുക നൽകി.

പദ്ധതി നമ്പർ-52/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ബിൽ നമ്പർ-15/14.3.2018-1,45,650/-രൂപ

സഫാരി ട്രേഡിങ്ങ് കമ്പനി മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ് സൈക്കിൾ വാങ്ങിയിരിക്കുന്നത്. ഇൻവോയ്സ് നമ്പർ-560/24.2.2018-1,45,650/-രൂപ പ്രകാരം ഹീറോ നൈട ഇൻടഗ്ര ബോയ്സ് സൈക്കിൾ ടെണ്ടറിൽ ജി എസ് ടി അടക്കം 4,590/-രൂപ ആണ് രേഖപ്പെടുത്തിയിരുന്നത്. ഹീറോമിസ് വെൽവറ്റ് 4,650/-രൂ ആണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ബിൽ പ്രകാരം ബോയ്സ് സൈക്കിൾ 15എണ്ണത്തിന് ജിഎസ് ടി അടക്കം 72,600/-രൂപയും ഗേൾസ് സൈക്കിൾ 15എണ്ണത്തിന് 73,050/-രൂപയും അടക്കം ആകെ 1,45,650/- രൂപ സഫാരി ട്രേഡിങ്ങ് കമ്പനിക്ക് നൽകി. മേൽ പ്രകാരം ബോയ്സ് സൈക്കിൾ ഒന്നിന് 4,840/-രൂപയും ഗേൾസ് സൈക്കിൾ ഒന്നിന് 4,870/- രൂപയും ആണ് നൽകിയത്. നൽകേണ്ടിയിരുന്നത് 4650x15=69750 ഉം 4590x15=68850 ഉം (ആകെ=138600/-) ആയിരുന്നു. അധികം നൽകിയ തുക(145650-138600=7050/-രൂ) തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 15/30.01.2019). ടി തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-19 2012-13 ൽ കെഎസ് ഇബിയിൽ നിക്ഷേപിച്ച തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായില്ല.

7.7.2017 തീയതിയിലെ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം പഞ്ചായത്തിന്റെ വൈന്തല പാണ്ടിച്ചിക്കടവ് റോഡ് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് 2012-13 തീയതിയിൽ തുക അനുവദിച്ചിട്ടുള്ളതായും സ്ട്രീറ്റ് മെയിൻ വലിക്കുന്നത് പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ അന്നമനട കെഎസ് ഇബി അധികൃതരോട് അപേക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2012-13 തീയതിയിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനും കെഎസ് ഇബിയുമായി പ്രസ്തുത പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് കരാർ വച്ചിരുന്നുവെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കുവാനും 2012-13 ൽ ഏത് പദ്ധതിയിൽ എത്ര തുക ഏത് ഫണ്ടിൽ നിന്ന് നൽകി എന്നീ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/25.01.2019) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ-കുറഞ്ഞ നിരക്ക് സ്വീകരിച്ചില്ല

പദ്ധതി നമ്പർ-47/18 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നമ്പർ-38/27.2.2018-156200/-

ട്രഷറി ചെക്ക് നമ്പർ-9788986/31.3.2018-100100/-

പ്രസ്തുത പദ്ധതിയില് പ്രത്യേക ടെണ്ടർ ക്ഷണിക്കാതെ പദ്ധതി നമ്പർ-45/18 ൽ തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ എന്ന പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറവ് ടെണ്ടർ രേഖപ്പെടുത്തിയ എബിസി മാർക്കറ്റിങ്ങ് എന്ന സ്ഥാപനത്തിൽ നിന്നും ട്യൂബ് സെറ്റ് വാങ്ങുന്നതിന് തീരുമാനിച്ചു. 45/18 പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ട്യൂബ് സെറ്റിന് കുറവ് രേഖപ്പെടുത്തിയിരുന്നത് ഇലക്ട്രോമെറ്റ് എന്ന സ്ഥാപനമാണ് എന്ന് കാണുന്നു. (നിരക്ക് 1,097/- രൂപ). എന്നാൽ എബിസി മാർക്കറ്റിങ്ങിന്റെ 1,100/-രൂപയുടെ നിരക്ക് സ്വീകരിച്ച് 233 ട്യൂബ് സെറ്റ് വാങ്ങിയിട്ടുണ്ട്. വാങ്ങൽ നടത്തുമ്പോൾ ആവശ്യമായ ശ്രദ്ധ

ചെലവ്വത്തേണ്ടതാണ്.

## 3-21 കോതക്കടവ് ലിഫ്റ്റ് ഇറിഗേഷൻ -ഉപയോഗപ്പെടുത്തുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി
1.പ്രൊജക്റ്റ് നമ്പർ-227/18(കോതക്കടവ് എൽഐ ഇലക്ട്രിഫിക്കേഷൻ)-ചെലവ്-34,310/-
2.പ്രൊജക്റ്റ് നമ്പർ-72/18(കോതക്കടവ് മോട്ടോർ സ്ഥാപിക്കൽ)-ചെലവ്-4,57,420/-രൂ
നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി എൻജിനീയർ
പ്രൊജക്റ്റ് നമ്പർ- 115/18 കോതക്കടവ് മോട്ടോർഷെഡ് മെയ്ന്റനൻസ്
ചെലവ്-1,42,085/-

മേൽ പദ്ധതികൾ പ്രകാരം കോതക്കടവ് ലിഫ്റ്റ് ഇറിഗേഷന് 2017-18 ൽ ആകെ 6,33815/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ടീം 30.01.2019 ന് നടത്തിയ ഭൗതിക പരിശോധനയിൽ പ്രളയത്തെത്തുടർന്ന് മോട്ടോർഷെഡ് നാളിതുവരെ തുറക്കുവനോ മോട്ടോർ അറ്റകുറ്റപ്പണി നടത്തുവാനോ ബന്ധപ്പെട്ട ഗുണഭോക്തൃസമിതി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതായി കണ്ടു. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന സജ്ജമാക്കുവാൻ ഗുണഭോക്തൃസമിതിക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 3-22 എസ് സി കമ്മ്യൂണിറ്റി ഹാളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ–അധികം വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

പ്രോജക്റ്റ് നമ്പർ-83/18

ബിൽ നമ്പർ-4/30.6.2017

മേൽ ബിൽ പ്രകാരം പഞ്ചായത്തിലെ 4 എസ് സി കമ്മ്യൂണിറ്റി ഹാളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങി നൽകിയിട്ടുണ്ട്. ഓഡിറ്റ് ടീം അരിയമ്പുറം കമ്മ്യൂണിറ്റി ഹാളിൽ ഭൗതിക പരിശോധന നടത്തുകയുണ്ടായി. 136 കസേര സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പ്രസ്തുത ഹാളിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ അത്രയും കസേരകൾ ഉൾക്കൊള്ളാനുള്ള സ്ഥലസൗകര്യം പ്രസ്തുത ഹാളിന് ഇല്ല. കൂടാതെ പ്രോജക്റ്റ് നമ്പർ-105/17 ആയി 3,97,773/-രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് 2016-17 ൽ ഹാളിന്റെ മുകളിൽ നിർമ്മിച്ച നൽകിയ റീഡിങ്ങ് റൂം നാളിതുവരെ ഉപയോഗയോഗ്യമാക്കിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആവശ്യകതക്കനുസരിച്ച് മാത്രം വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. റീഡിങ്ങ് റൂം പ്രവർത്തന സജ്ജമാക്കുന്നതിലേക്ക് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-23 കന്നുകുട്ടി പരിപാലന പദ്ധതി

പ്രോജക്റ്റ് നം. S0 019 /2018

തുക- 8,00,000/-

ബിൽ നം. 1/2017-18
നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

2017-18 ൽ നടപ്പിലാക്കിയ കന്നുകുട്ടിപരിപാലന പദ്ധതിയിൽ 32 ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരുന്നത്. കന്നുകുട്ടിപരിപാലന പദ്ധതിയുടെ സെപ്തംബർ 2018 മുതലുള്ള പാളയംപറമ്പ് ക്ഷീരോദ്പാദക സഹകരണ സംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ വൽസ ശങ്കരൻ, മണി നാരായണൻ, സീന കൊയ്ലോ, ഷീല ഗോപി എന്നീ ഗുണഭോക്താക്കൾ കാലിത്തീറ്റ

വാങ്ങുന്നത് നിർത്തി വച്ചിരിക്കുന്നതായി കാണുന്നു. മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരാത്ത സാഹചര്യത്തിൽ പദ്ധതി തീരുന്ന മുറയ്ക്ക് ബാക്കി വരുന്ന പഞ്ചായത്ത് വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-24 കരാറുകാരൻ സേവനനികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായ പദ്ധതി നം.157/18, വൈന്തല വെറ്ററിനറി ഡിസ്പെൻസറിയിൽ കുറുത്തൊഴുത്ത് നിർമാണം എന്ന പദ്ധതിയിൽ, കരാറുകാരൻ കെ.സി.ഫ്രാൻസിസ്, കോന്തുപറമ്പിൽ എന്നയാൾക്ക് പണിപൂർത്തിയാക്കി തുക നൽകിയപ്പോൾ, 10.5% സേവനനികുതി 4,395/- രൂപാ അടക്കം, 41,862/രൂപാ(ബിൽ നം, 28/17-18, dt.13/8/17) നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ സേവനനികുതി അടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-25 വി.ഇ.ഒ കാട്ടുകുറ്റി - വ്യക്തിഗത ശൗചാലയ നിർമാണത്തിനായി വികസന ഫണ്ടിൽ നിന്നും മുൻകൂർ ചെലവ് ചെയ്തതുക – നാളിതുവരെ സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടില്ല

2016-17 വർഷത്തെ പ്രോജക്റ്റ് എസ്. 029/17 - സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീണം) – വ്യക്തിഗത ശൗചാലയ നിർമാണം എന്ന പ്രോജക്റ്റിനായി ODF പദ്ധതിയുടെ ഭാഗമായി 41 ശൗചാലയ നിർമ്മാണത്തിന് 15,400/- രൂപ നിരക്കിൽ 6,31,400/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ODF പദ്ധതിയുടെ ഭാഗമായതിനാൽ ഇതിൽ ഒരു ശൗചാലയത്തിന് 3,400/- രൂപ പഞ്ചായത്ത് പ്ലാൻ വിഹിതവും 12,000/- രൂപ ശുചിത്വമിഷൻ വിഹിതവും ആയിരുന്നു. എന്നാൽ 41 ശൗചാലയങ്ങൾക്കുള്ള ശുചിത്വ മിഷൻ വിഹിതമായ 4,92,000/- രൂപ ലഭ്യമാക്കുന്നതിന് മുമ്പ് മുഴുവൻ ചെലവ് തുകയും പദ്ധതി വിഹിതത്തിൽ നിന്നും പഞ്ചായത്ത് ചെലവഴിക്കുകയുണ്ടായി. സമ്പൂർണ ശുചിത്വ മിഷനിൽ നിന്നും ശുചിത്വമിഷൻ വിഹിതമായ 4,92,000/- രൂപ (41 X 12,000/- രൂപ) പഞ്ചായത്തിന് തിരികെ ലഭിയ്ക്കുകയും അത് തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതാണ്. (രശീതി നം 11605500053/25.3.17,SBT ചാലക്കുടിയിൽ അടവ്). ഈ തുക പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും, മുൻകൂർ ആയി എടുത്ത് പഞ്ചായത്ത് ചെലവ് ചെയ്ത തുകയായതിനാൽ ആയത് സഞ്ചിത നിധിയിലേയ്ക്ക് അടവാക്കേണ്ടതാണ് എന്ന് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 ൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. എത്രയും വേഗം മേൽ പറഞ്ഞതുക പലിശസഹിതം സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പെയിൻ ആൻഡ് പാലിയെറ്റീവ് കെയർ | 200000 | 0 |
| | 2017-18 | 200000 | അംഗൻവാടി ഫീഡിംഗ് | 200000 | 0 |
| | 2017-18 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പഠനസഹായം | 125000 | 0 |
| | 2017-18 | 500000 | നെൽകൃഷിക്ക് കൂലി ചിലവ് സബ്സിഡി | 500000 | |
| | 2017-18 | 200000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 104781 | 95219 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | പെയിൻ ആൻഡ് പാലിയെറ്റീവ് കെയർ | 150000 | |
| | 2017-18 | 200000 | അംഗൻവാടി ഫീഡിംഗ് | 200000 | |
| | 2017-18 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പഠനസഹായം | 125000 | |
| | 2017-18 | 600000 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 483832 | 116168 |
| | 2017-18 | 200000 | പാലിന് സബ്സിഡി | 200000 | |

## **4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21/26.10.17<br>25/08.01.18 | 1357152 | - | 1357152 |
| വാട്ടർ അതോറിറ്റി | കുഞ്ഞിപ്പറമ്പ് കോളനി | 98/24.03.18 | 64000 | - | 64000 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി (2017-18)

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമാക്കിയിട്ടില്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 53097589 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51432137 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7050 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1954088 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയുടെ പേരും മേൽവിലാസവും |
|---|---|---|
| 3-18 | 7050 | അസിസ്റ്റന്റ് സെക്രട്ടറി, സുരേഷ്.കെ.എസ്,കാളിയത്ത് ഹൗസ്, കൊരട്ടി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 20000 | ഗിരിജാ ദേവി.വി.പി, വിഇഒ, കാട്ടുകുറ്റി |
| 3-1 | 240000 | പ്രശാന്ത്.കെ.കെ, സെക്രട്ടറി |
| 3-11 | 50408 | സൂസൻ പോൾ വിതയത്തിൽ, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-12 | 1582152 | പ്രശാന്ത്.കെ.കെ, സെക്രട്ടറി |
| 3-16 | 19666 | സുരേഷ്.കെ.എസ് , അസി. സെക്രട്ടറി |
| 3-24 | 41862 | സുന.യു.എം, അസി.എഞ്ചിനീയർ |
| ആകെ | 1954088 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തസ്തിക | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | സുരേഷ്.കെ.എസ് | അസി.സെക്രട്ടറി | സുരേഷ്.കെ.എസ്, കാളിയത്ത് ഹൗസ്, കൊരട്ടി |

# 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 78-79 | എൽ.എഫ്.ടി.(എസ്.2)-1086/11/2010-2011/ 10.01.12 |
| 79-80 | |
| 83-84 | |
| 85-86 | |

| | |
|---|---|
| 86-87, 87-88 | |
| 88-89, 89-90 | |
| 91-92 | |
| 92-93, 93-94 | |
| 94-95, 95-96 | |
| 96-97 | എൽ.എഫ്.ടി.8-395/98/ 22.09.98 |
| 97-98 | എൽ.എഫ്.ടി.7- 1471/98/ 09.03.09 |
| 98-99 | എൽ.എഫ്.ടി.7- 119/2000/ 20.05.2000 |
| 99-2000 വരവ് | എൽ.എഫ്.ടി.7-118/2000/ 20.05.2000 |
| 99-2000 ചെലവ് | എൽ.എഫ്.ടി.956/01/ 30.01.01 |
| 2000-01 | എൽ.എഫ്.ടി.14-1043/05/ 13.09.05 |
| 2001-02 | എൽ.എഫ്.ടി.14-1044/05/ 20.09.05 |
| 2002-03 | എൽ.എഫ്.ടി.14-1085/05/ 30.09.05 |
| 2003-04 | എൽ.എഫ്.ടി.14-440/06/ 02.06.06 |
| 2004-05 | എൽ.എഫ്.ടി.14-1398/08/ 05.09.09 |
| 2005-06 | എൽ.എഫ്.ടി.14-1399/08/ 05.09.09 |
| 2006-07 | എൽ.എഫ്.ടി.14-829/09/ 20.09.10 |
| 2007-08 | എൽ.എഫ്.ടി.14-1151/11/ 24.11.11 |
| 2008-09 | എൽ.എഫ്.ടി.പി3-2067/11/ 23.01.12 |
| 2009-10 | എൽ.എഫ്.ടി.പി3-1083/12/ 12.10.12/04.02.13 |
| 2010-11 | എൽ.എഫ്.ടി.പി3-1082/12/ 12.10.2012/04.02.13 |
| 2011-12 | എൽ.എഫ്.ടി.പി7-893/2013 തി.13.01.13/03.01.14 |
| 2012-13 | എൽ.എഫ്.ടി.പി7-459/14 തി.11.09.14/5.12.1 |

| | |
|---|---|
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.7- 1184/15<br>തി.19.10.15/3.11.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.7 - 1218/16<br>തി.25.07.2016/30.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.7-2039/16<br>തി.16.01.2017 |
| 2016-17 | കെ.എസ്.എ ടിഎസ് ആർ പി.7-1707/17<br>തി.1.12.17/29.12.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാട്ടകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ | സംക്ഷിപ്തം (Audited Abstract) |

| | |
|---|---|
| സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ